ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). തബല മാന്ത്രികൻ ഉസ്താദ് അല്ലാ രഖാ സാക്കിർ ഹുസൈൻ വിടവാങ്ങി.

Legendary tabla maestro Zakir Hussain passed away in the United States.

2). ചെറുനഗരങ്ങളിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനങ്ങൾ മുൻകൈ എടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

Prime Minister Narendra Modi has urged states to identify locations suitable for entrepreneurs in smaller cities and take initiative to facilitate them.

3). മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും.

Prime Minister Narendra Modi and visiting Sri Lankan President Anura Kumara Dissanayake will hold bilateral talks in New Delhi today.

4). ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തിന്റെ ഭാഗമായി രണ്ട് ദിവസത്തെ പ്രത്യേക ചർച്ചയ്ക്ക് രാജ്യസഭയിൽ ഇന്ന് തുടക്കമാകും.

A two-day special debate on the Constitution will begin today in Rajya Sabha to mark the beginning of 75th year of its adoption in the country.

5). ഇന്ന് വിജയ് ദിവസ്. 1971-ലെ യുദ്ധത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ നേടിയ വിജയത്തിന്റെ സ്മരണയ്ക്കായാണ് വിജയ് ദിവസ് ആഘോഷിക്കുന്നത്.

The nation celebrates Vijay Diwas today to commemorate  India's victory over Pakistan in 1971 war.

## 6). വനിതാ ജൂനിയർ ഏഷ്യാ കപ്പ് ഹോക്കിയിൽ ഇന്ത്യയ്ക്ക് ജയം. ചൈനയെ തോൽപ്പിച്ചത് പെനാൽറ്റി ഷൂട്ടൗട്ടിൽ.

**In Hockey, India won the Women's Junior Asia Cup 2024 championship in Muscat, Oman last night.**

==========================================================

**ZAKIR HUSSAIN**

തബല മാന്ത്രികൻ ഉസ്താദ് അല്ലാ രഖാ സാക്കിർ ഹുസൈൻ വിടവാങ്ങി.73 വയസ്സായിരുന്നു. ഹൃദയ സംബന്ധമായ അസുഖങ്ങളെ തുടർന്ന് സാൻ ഫ്രാൻസിസ്കോയിലെ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് അന്ത്യം. 1951 മാർച്ച് 9-ന് മുംബൈയിലാണ് ഉസ്താദ് സാക്കിർ ഹുസൈൻ ജനിച്ചത്. പ്രശസ്ത തബല വാദകൻ അല്ലാഹ് റഖയുടെ മൂത്ത മകനായ അദ്ദേഹത്തിന് , ചെറുപ്പം മുതലേ സംഗീതത്തിൽ താല്പര്യമുണ്ടായിരുന്നു. ആറ് പതിറ്റാണ്ട് നീണ്ട കലാജീവിതത്തിൽ നാല് ഗ്രാമി അവാർഡുകൾ സാക്കീർ ഹുസൈൻ നേടി. 1988- പത്മശ്രീയും 2002-ൽ പത്മഭൂഷണും 2023-ൽ പത്മവിഭൂഷണും നൽകിൻ രാജ്യം ആദരിച്ചിട്ടുണ്ട്.

==========================================================

**PM CS CONFERENCE**

ചെറുനഗരങ്ങളിലെ

സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ മുൻകൈയെടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. ന്യൂഡൽഹിയിൽ ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജനകീയ പങ്കാളിത്തം ഉറപ്പാക്കി സംസ്ഥാനങ്ങൾ ഭരണ മാതൃക പരിഷ്കരിക്കണം. പ്രകടനം, പരിവർത്തനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

2025 അവസാനത്തോടെ ഭാരതത്തെ ക്ഷയരോഗ മുക്തമാക്കാൻ കഴിയുമെന്നും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ

ആശ വർക്കർമാർക്ക് വലിയ പങ്ക് വഹിക്കാനാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

==============================================

**SRILANKA INDIA – (INTRO)**

മൂന്നു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ശ്രീലങ്കൻ പ്രസിഡൻ്റ് അനുര കുമാര ദിസനായകെ ഇന്ന് ന്യൂഡൽഹിയിൽ - പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും. ചുമതലയേറ്റ ശേഷം ദിസനായകെ ഇന്ത്യയിലേക്ക് നടത്തുന്ന ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്.

വിശദാംശങ്ങളിലേക്ക്....

(VOICE........)

==============================================

**RAJYA SABHA – CONSTITUTION**

ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി രണ്ട് ദിവസത്തെ പ്രത്യേക ചർച്ചയ്ക്ക് രാജ്യസഭയിൽ ഇന്ന് തുടക്കമാകും. കഴിഞ്ഞ ദിവസങ്ങളിൽ ലോക്സഭയിൽ സമാന ചർച്ച നടന്നിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യസഭയിൽ ചർച്ചയ്ക്ക് മറുപടി നൽകും. 1949 നവംബർ 26-നാണ് , ഇന്ത്യൻ ഭരണഘടനാ അസംബ്ലി ഔപചാരികമായി ഭരണഘടന അംഗീകരിച്ചത്. 1950 ജനുവരി 26-ന് ഭരണഘടന പ്രാബല്യത്തിൽ വന്നു. രാജ്യം 2015 മുതൽ നവംബർ 26 ഭരണഘടനാ ദിനമായി ആചരിക്കുന്നു.

==============================================

**S JAISHANKAR –(INTRO)**

ആഗോളതലത്തിൽ കൂടുതൽ ഉത്തരവാദിത്തമുള്ള രാഷ്ട്രമായി ഇന്ത്യ ഉയർന്നുവന്നതായി വിദേശകാര്യമന്ത്രി ഡോ.എസ്.ജയ്ശങ്കർ പറഞ്ഞു. ന്യൂഡൽഹിയിൽ പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(VOICE......)

==============================================

## VIJAY DIWAS

ഇന്ന് വിജയ് ദിവസ്. 1971-ലെ യുദ്ധത്തിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ നേടിയ വിജയത്തിൻ്റെ സ്മരണയ്ക്കായാണ് വിജയ് ദിവസ് ആഘോഷിക്കുന്നത്.യുദ്ധത്തിൽ വീരമൃത്യു വരിച്ച രക്തസാക്ഷികൾക്ക് രാജ്യം ഇന്ന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. 1971-ൽ ഈ ദിവസമാണ് പാകിസ്ഥാൻ സേനാ മേധാവി ജനറൽ എഎ ഖാൻ നിയാസിയും 93,000 സൈനികരും ഇന്ത്യൻ സൈന്യവും മുക്തി ബാഹിനിയും അടങ്ങുന്ന സഖ്യസേനയ്ക്ക് മുന്നിൽ നിരുപാധികം കീഴടങ്ങിയത്.

രാജ്യമെമ്പാടും വിവിധ പരിപാടികൾ വിജയ് ദിവസുമായി ബന്ധപ്പെട്ട് നടക്കുന്നു. ന്യൂഡൽഹിയിലെ ആർമി ഹൗസിൽ ഇന്നലെ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുത്തു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്, ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ അനിൽ ചൗഹാൻ, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

==================================================

## INDIAN CAPITAL MARKETS

ഈ മാസം ആദ്യ രണ്ടാഴ്ചയ്ക്കുള്ളിൽ 28,000 കോടി രൂപയാണ് വിദേശ നിക്ഷേപകർ ഇന്ത്യൻ മൂലധന വിപണിയിലേക്ക് നിക്ഷേപിച്ചത്.

വിദേശ നിക്ഷേപകർ ഇന്ത്യൻ ഓഹരി വിപണികളിലേക്ക് 22,766 കോടി രൂപയാണ് നിക്ഷേപിച്ചത്. ഈ വർഷം ഇതുവരെ 1.2 ലക്ഷം കോടി രൂപയാണ് വിദേശ നിക്ഷേപകർ ഇന്ത്യൻ മൂലധന വിപണിയിൽ നിക്ഷേപിച്ചത്.

==================================================

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്തിൻറെ 117-ാം പതിപ്പ് ഈ മാസം 29-ന്. പരിപാടിയ്ക്കായുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഈ മാസം 27 വരെ സമർപ്പിക്കാം.

1800-11-7800  എന്ന ടോൾ ഫ്രീ നമ്പറിലും നരേന്ദ്ര മോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും അഭിപ്രായങ്ങൾ അറിയിക്കാം.

==================================================

**ബ്രേക്ക്....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

==================================================

**SIVAGIRI**

92-ാമത്  ശിവഗിരി തീർത്ഥാടനകാലത്തിന് തുടക്കമായി. തീർത്ഥാടകരെ വരവേറ്റുകൊണ്ടുള്ള സമ്മേളനം  മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

==================================================

**MEETING  - V SHIVANKUTTY**

ചോദ്യക്കടലാസ് ചോർച്ചയുമായി ബന്ധപ്പെട്ട് മന്ത്രി വി ശിവൻകുട്ടി വിളിച്ച ഉന്നതതലയോഗം  ഇന്ന്  നടക്കും. ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പർ യുട്യൂബ് വഴി ചോർന്നതും പരീക്ഷാനടത്തിപ്പും അടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്യും.

==================================================

**MEETING GANESH KUMAR**

കേരളത്തിൽ  റോഡപകടങ്ങളും മരണവും ഉയരുന്ന സാഹചര്യത്തിൽ മന്ത്രി കെ.ബി ഗണേഷ് കുമാർ ഉന്നതതല യോഗം വിളിച്ചു. നാളെ നാലിന് തിരുവനന്തപുരത്താണ് യോഗം.

==================================================

**VIETNAM COAST GUARD SHIP VISIT**

വിയറ്റ്നാം തീര സംരക്ഷണ സേനയുടെ കപ്പൽ CSB 8005 നാല് ദിവസത്തെ പര്യടനത്തിനായി ഇന്ന് കൊച്ചിയിൽ എത്തും. ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള സമുദ്ര സഹകരണം വർധിപ്പിക്കുകയാണ് സന്ദർശനത്തിൻറെ  ലക്ഷ്യം.

==================================================

**IFFK THIRUVANANTHAPURAM - (INTRO)**

കേരള രാജ്യാന്തര ചലച്ചിത്രമേള നാലാം ദിനത്തിലേക്ക് കടന്നു. 14 തിയേറ്ററുകളിലായി വിവിധ വിഭാഗങ്ങളിൽ 67 സിനിമകൾ ഇന്ന് പ്രദർശിപ്പിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........**

**(VOICE......)**

==========================================

**HOCKEY - INDIA**

ഒമാനിലെ മസ്കറ്റിൽ നടന്ന വനിതാ ജൂനിയർ ഏഷ്യാ കപ്പ് ഹോക്കിയിൽ ഇന്ത്യ ജേതാക്കളായി. പെനാൽറ്റി ഷൂട്ടൗട്ടിൽ ചൈനയെ രണ്ടിനെതിരെ മൂന്ന് ഗോളുകൾ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ടീം കിരീടം നിലനിർത്തിയത്.12 ഗോളുകളുമായി ഇന്ത്യയുടെ ദീപിക സെഹ്‌രാവത്താണ് ടൂർണമെൻ്റിലെ ടോപ് സ്കോറർ.

==========================================

**CRICKET - IND VS AUS**

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ബോർഡർ ഗാവസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 445 റൺസെടുത്തു. ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റി ആരംഭിച്ചു. തുടക്കത്തിൽതന്നെ ഇന്ത്യയ്ക്ക് വിക്കറ്റുകൾ നഷ്ടമായി.ശുഭ് മാൻ ഗില്ലും യശ്വസി ജയ്സ്വളും ഔട്ടായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ രണ്ട് വിക്കറ്റ് നഷ്ടത്തിൽ പതിനൊന്ന് റൺസ് എന്ന നിലയിലാണ്.

==========================================

**UNDER - 23 CRICKET**

പുരുഷൻമാരുടെ അണ്ടർ- 23 ഏകദിന ക്രിക്കറ്റ് ടൂർണമെൻറിൽ കേരളം 162 റണ്ണിന് മണിപ്പൂരിനെ തോൽപ്പിച്ചു.

==========================================

**CRICKET - SYED MUSHTAQ TROPHY**

സയ്ദ് മുഷ്താഖ് അലി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ മുംബൈയ്ക്ക് വിജയം. ഇന്നലെ ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ മധ്യപ്രദേശിനെതിരെ മുംബൈ അഞ്ച് വിക്കറ്റിൻ്റെ വിജയം നേടി.മധ്യപ്രദേശിനെതിരെ 175 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗിനിറങ്ങിയ മുംബൈ 17.5 ഓവറിൽ ലക്ഷ്യം മറികടന്നു . മുംബൈയുടെ രണ്ടാം കിരീട നേട്ടമാണിത്.

==============================================

**T-20 ASIA CUP**

ക്വാലാലംപൂരിൽ നടന്ന വനിതകളുടെ അണ്ടർ 19 ടി- 20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് ഒമ്പത് വിക്കറ്റ് വിജയം. ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാന് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 67 റൺസ് എടുത്തു. ഇന്ത്യ എട്ടാം ഓവറിൽ വിജയലക്ഷ്യം മറികടന്നു.

==============================================

**SANTHOSH TROPHY**

78-ാ മത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ കേരളത്തിന് ജയം. ഗോവയെ 4 – 3 നാണ് കേരളം പരാജയപ്പെടുത്തിയത്.

==============================================

**NORKA ROOTS**

നോർക്ക റൂട്ട്സ്, ലോക കേരള സഭ സെക്രട്ടറിയേറ്റിൻറെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി ദിനാചരണം മറ്റന്നാൾ കോഴിക്കോട് നടക്കും. ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദേശം നൽകും.

==============================================

**MALAPPURAM DEATH**

മലപ്പുറം - അരീക്കോട് തണ്ടർബോൾട്ട് ക്യാംപിൽ പൊലീസുകാരനെ വെടിയേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. സ്വയം വെടിയുതിർത്തതാണെന്നാണു സൂചന.

എസ്ജി കമാൻഡൻറ് വയനാട് സ്വദേശി വിനീതാണ് മരിച്ചത്. ഇന്നലെരാ ത്രി ഒൻപതരയോടെയാണു സംഭവം. എകെ-47 തോക്ക് ഉപയോഗിച്ചാണ് നിറയൊഴിച്ചത്.

==================================================

**ISRAEL GOLAN HEIGHTS**

നിലവിൽ ഇസ്രായേൽ കൈവശപ്പെടുത്തിയിരിക്കുന്ന സിറിയൻ പ്രദേശമായ ഗോലാൻ കുന്നുകളിൽ ജനവാസ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ഇസ്രായേൽ സർക്കാർ അംഗീകാരം നൽകി. ഗോലാൻ കുന്നിൽ താമസിക്കുന്ന ഇസ്രായേലുകാരുടെ എണ്ണം ഇരട്ടിയാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിൻറെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞു.

==================================================

**POLLUTION**

ഡൽഹിയിലെ വായുഗുണനിലവാര സൂചിക മോശം വിഭാഗത്തിൽ തുടരുന്നു. വായു മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച പൊതുതാൽപര്യ ഹർജി സുപ്രീംകോടതി ഇന്ന് വീണ്ടും പരിഗണിക്കും.

==================================================

==================================================

==================================================